LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് സബ് ജയിൽ 2013-ൽ ജില്ലാ ജയിലായി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി. ഈ ജയിലിൽ 54 പേരെ പാർപ്പിക്കുന്നതിനുള്ള ശേഷിയുണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ, സർവ്വേ നമ്പർ 424-ൽ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 10 ഏക്കർ സ്ഥലം ജില്ലാ ജയിൽ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് ടി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്.

പതിച്ചു നൽകിയ വനഭൂമി

188 (4523) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മേയ് മാസത്തിനുശേഷം വിവിധ ആവശ്യങ്ങൾക്കായി എത്രമാത്രം വനഭൂമി സംസ്ഥാനത്ത് പതിച്ചു നൽകിയിട്ടുണ്ട്;

(ബി) ഏതെല്ലാം ഏജൻസികൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വനഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും അതിൽ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എത്ര വീതം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഭൂമി പതിച്ചു നല്കുന്നത് റവന്യൂ വകുപ്പാണ്. 2015 മേയ് മാസത്തിനുശേഷം സംസ്ഥാനത്ത് വനഭൂമി വനം വകുപ്പ് നേരിട്ട് പതിച്ചു നൽകിയിട്ടില്ല.

ഓരോ ജില്ലകളിലും വിതരണം ചെയ്ത ഭൂമി

189 (4524) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മേയ് മുതൽ 2011 മേയ് വരെ വനാവകാശ നിയമപ്രകാരം എത്ര ഏക്കർ ഭൂമി എത്ര പേർക്കായി വിതരണം ചെയ്തു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) 2011 ജൂണിനുശേഷം ഇതുവരെ എത്ര ഏക്കർ ഭൂമി എത്ര പേർക്കായി വിതരണം ചെയ്തു ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;